I ഇ.ബി. XIV - കേരള നിയമസഭ /X-1

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഫെബ്രുവരി 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റേയും മധു എന്ന ആദിവാസി യുവാവിന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ചുള്ള പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 8.38-ന് താൽക്കാലികമായി നിർത്തിവച്ച സഭ 9.30-ന് പുനരാരംഭിച്ചു.)

## I താക്കീത്

### ചെയറിന്റെ മുഖം മറച്ചുകൊണ്ടുള്ള പ്രതിഷേധം

മി. സ്പീക്കർ: സഭ സുഗമമായി നടത്തിക്കൊണ്ട് പോകാൻ കഴിയാത്ത സാഹചര്യത്തിലാണ് ചോദ്യോത്തരവേള സസ്പെന്റ് ചെയ്യാൻ ചെയർ നിർബന്ധിതമായത്. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും നിയമസഭയിൽ ശക്തമായ പ്രതിഷേധ പ്രകടനങ്ങൾക്കും ജനങ്ങളുടെ വികാരങ്ങൾ അറിയിക്കുന്നതിനും അവകാശവും അധികാരവുമുണ്ട്. എന്നാൽ അത് സഭയുടെ പ്രാഥമികമായ അന്തസ് പാലിച്ചുകൊണ്ടായിരിക്കണം. നിയമസഭയിൽ പ്രതിഷേധം പ്രകടിപ്പിക്കേണ്ട എല്ലാ സന്ദർഭങ്ങളിലും തുടക്കത്തിൽത്തന്നെ ചെയറിന്റെയും സഭാംഗങ്ങളുടെയും മുഖം മറയ്ക്കുന്ന രീതി ശരിയല്ലെന്ന് നിരവധി തവണ അറിയിച്ചിട്ടും തുടരുന്നത് ചെയറിനോടും സഭയോടുമുള്ള അവഹേളനമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഇത് ആവർത്തിക്കാൻ പാടില്ലെന്ന് ചെയർ കർശനമായി താക്കീത് ചെയ്യുകയാണ്.

## II അടിയന്തരപ്രമേയം

### ഷുഹൈബിന്റെ കൊലപാതകം

മി. സ്പീക്കർ: മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ്സ് സെക്രട്ടറി ഷുഹൈബിന്റെ കൊലപാതകത്തിൽ ഉൾപ്പെട്ട പ്രതികളെയും ഗൂഢാലോചനയ്ക്ക് നേതൃത്വം

നൽകിയവരേയും അറസ്റ്റുചെയ്യാത്ത സാഹചര്യത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. സുധാകരൻ നടത്തുന്ന നിരാഹാര സമരം എട്ടു ദിവസം പിന്നിട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ തൃപ്തികരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകാത്തതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ.എം. ഷാജി, അനൂപ് ജേക്കബ്, കെ.സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 12/02/2018-ന് രാത്രി 10.50-ന് കോൺഗ്രസ്സ് പ്രവർത്തകനായ ഷുഹൈബ് മൂന്നുപേരുമായി സംസാരിച്ചുനിൽക്കവേ കാറിൽനിന്നും നാലുപേർ വാളുമായി ഇറങ്ങുകയും ബോംബ് എറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് വെട്ടി പരിക്കേൽപ്പിക്കുകയുമുണ്ടായി. മാരകമായി വെട്ടേറ്റ ഷുഹൈബിനെ വിദഗ്ദ്ധ ചികിത്സക്കായി കോഴിക്കോട്ടേയ്ക്ക് കൊണ്ടുപോകുന്ന വഴി മരണപ്പെട്ടു. പരിക്കേറ്റ രണ്ടുപേർ തലശ്ശേരി ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. കൊലപാതകത്തെക്കുറിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ കുറ്റവാളികൾക്കെതിരെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പോലീസിന്

നിർദ്ദേശം നൽകിയിരുന്നു. ഈ കേസ്സിന്റെ പ്രാധാന്യവും കെ.പി.സി.സി. പ്രസിഡന്റിന്റെ നിവേദനത്തിലെ ആവശ്യവും പരിഗണിച്ച് കണ്ണൂർ റെയിഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംഭവത്തിൽ മട്ടന്നൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും കുറ്റകൃത്യത്തിൽ നേരിട്ട് പങ്കെടുത്തതായി അന്വേഷണത്തിൽ വ്യക്തമായതിനെത്തുടർന്ന് ആകാശ്, രജിൽരാജ്, അൻവർ സാദത്ത്, അഖിൽ ജിതിൻരാജ് എന്നിവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കുറ്റകൃത്യത്തിനുപയോഗിച്ച കാർ ബന്തവസ്സിലെടുത്തിട്ടുണ്ട്. പ്രതികളിൽ രണ്ടുപേരെ പ്രധാന സാക്ഷി തിരിച്ചറിഞ്ഞിട്ടുള്ളതിനാൽ പ്രതികൾ ഡമ്മികളാണെന്ന പരാതി അടിസ്ഥാന രഹിതമാണ്. കേസ്സന്വേഷണം ഊർജ്ജിതമായും കുറ്റമറ്റ രീതിയിലും നടന്നുവരുന്നു. ഐ.ജി.-യുടെ നേതൃത്വത്തിലുള്ള സംഘം നിഷ്പക്ഷവും നീതിപൂർവ്വവുമായാണ് അന്വേഷണം നടത്തുന്നത്. 12/01/2018-ന് മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ഉണ്ടായ അക്രമസംഭവത്തിൽ പ്രതിയായ ഷുഹൈബ് ജാമ്യത്തിലിറങ്ങിയ സമയത്താണ് കൊലചെയ്യപ്പെട്ടത്. പ്രതിപക്ഷാവശ്യം കണക്കിലെടുത്ത് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അക്രമസംഭവങ്ങൾ ഉണ്ടാകരുതെന്നും ആരും കൊല്ലപ്പെടരുതെന്നുമാണ് സർക്കാരിന്റെ നിലപാട്. അക്രമസംഭവങ്ങൾ ഏതുഭാഗത്തുനിന്നുണ്ടായാലും സർക്കാർ വിട്ടുവീഴ്ചയില്ലാതെ

നടപടി സ്വീകരിക്കും.

ശ്രീ. സണ്ണി ജോസഫ്: കൊലപാതകത്തിന്റെ രീതി മുഖ്യമന്ത്രിതന്നെ ഇവിടെ വിശദീകരിക്കുകയുണ്ടായി. 12/01/2018-ന് നടന്ന അക്രമസംഭവത്തിൽ ഷുഹൈബ് പ്രതിയായിരുന്നു എന്ന് മുഖ്യമന്ത്രി മറുപടിയിൽ പറയുകയുണ്ടായി. എന്നാൽ ഒന്നും രണ്ടും പ്രതികൾ കൊലക്കേസ്സുകളിലെയും ബോംബ് നിർമ്മാണ കേസ്സുകളിലെയും പ്രതികളായിരുന്നുവെന്ന കാര്യം അദ്ദേഹം മറച്ചുവയ്ക്കുകയാണുണ്ടായത്. സി.പി.ഐ.(എം.) ആണ് ഈ കൊലപാതകം ചെയ്യിച്ചിരിക്കുന്നതെന്ന കാര്യം റിമാന്റ് റിപ്പോർട്ടിലും എ.ഡി.ജി.പി. കണ്ണൂരിൽ നടത്തിയ പത്രസമ്മേളനത്തിലും വ്യക്തമാക്കിയിട്ടുണ്ട്. സി.പി.ഐ.(എം.)-കെ.എസ്.യു. പ്രവർത്തകർ തമ്മിലുണ്ടായ സംഘട്ടനത്തെത്തുടർന്നാണ് ഷുഹൈബിനെ നിഷ്ഠൂരമായി വെട്ടിക്കൊലപ്പെടുത്തിയത്. അറസ്റ്റ് ചെയ്തിരിക്കുന്ന ആകാശ് ക്രിമിനൽ പശ്ചാത്തലമുള്ളയാളും സി.പി.ഐ.(എം.)പ്രവർത്തകനുമാണ്. ഈ കേസ്സിൽ ഗൂഢാലോചനാ കുറ്റംകൂടി ഉൾപ്പെടുത്താമെന്ന് മുഖ്യമന്ത്രി പറഞ്ഞെങ്കിലും പോലീസ് അതിന് തയ്യാറായിട്ടില്ല. ആരുടെ പ്രേരണയെത്തുടർന്നാണ് ഷുഹൈബിനെ കൊലപ്പെടുത്തിയതെന്ന് അറിയുന്നതിനാണ് കോൺഗ്രസ് നേതാക്കൾ സമരം നടത്തുന്നത്. കൊലയാളികളെയും അതിന് പ്രേരിപ്പിച്ചവരെയും പിടികൂടിയാൽ മാത്രമേ ഈ സമരം അവസാനിപ്പിക്കുകയുള്ളൂ. ഷുഹൈബിന്റെ സഹോദരി

മുഖ്യമന്ത്രിക്ക് എഴുതിയ തുറന്ന കത്തിനുള്ള പ്രതികരണം അറിയുന്നതിന് പൊതുജനങ്ങൾക്ക് താൽപ്പര്യമുണ്ട്. ഇത്തരത്തിലുള്ള കൊലപാതകങ്ങൾ ആവർത്തിക്കപ്പെടരുത്. പോലീസ് രഹസ്യം ചോർത്തുന്നതുകൊണ്ട് കേന്ദ്ര ഏജൻസി അന്വേഷണം നടത്തണമെന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ണൂരിൽ സമാധാന യോഗത്തിൽ പങ്കെടുക്കുന്നതിന് ബന്ധപ്പെട്ട കോൺഗ്രസ് നേതാക്കൾക്ക് അറിയിപ്പ് ലഭിച്ചിട്ടില്ല. ഷുഹൈബിന്റെ കൊലപാതകം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തണമെന്നും കേസ്സിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യണമെന്നും ആയുധങ്ങൾ കണ്ടെടുക്കണമെന്നും എല്ലാ തെളിവുകളും ശേഖരിക്കണമെന്നും ആവശ്യപ്പെടുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വളരെ അപലപനീയമായ സംഭവമാണ് നടന്നിരിക്കുന്നത്. കൊലപാതകങ്ങളെ ന്യായീകരിക്കാൻ സർക്കാരിന് കഴിയുകയില്ല. സംസ്ഥാനത്ത് പല ഘട്ടങ്ങളിലും രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം രാഷ്ട്രീയ സംഘട്ടനങ്ങളിലും കൊലപാതകങ്ങളിലും വളരെയധികം കുറവ് ഉണ്ടായിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കുറ്റകൃത്യങ്ങളിൽ 30 ശതമാനം കുറവ് വന്നിട്ടുണ്ടെങ്കിലും രാഷ്ട്രീയ സംഘർഷങ്ങളും സംഘട്ടനങ്ങളും പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല.

ഷുഹൈബിന്റെ കൊലപാതകം പോലീസ് ജാഗ്രതയോടെയാണ് കണ്ടിട്ടുള്ളത്. പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതാണ്. നിഷ്പക്ഷമായിട്ടാണ് പോലീസ് കാര്യങ്ങൾ നിർവ്വഹിക്കുന്നത്. സ്വതന്ത്രമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സംസ്ഥാന പോലീസിന് കഴിയുന്നുണ്ട്. അടുത്തകാലത്തുനടന്ന എല്ലാ സംഭവങ്ങളിലേയും പ്രതികളെ അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ഷുഹൈബിന്റെ മാതാപിതാക്കളുടെയും സഹോദരിമാരുടെയും ദു:ഖം സർക്കാർ ശരിയായ രീതിയിൽ ഉൾക്കൊള്ളുന്നു.

സംസ്ഥാനത്ത് ദൗർഭാഗ്യകരമായ അക്രമ സംഭവങ്ങൾ എവിടെയുണ്ടായാലും മുഖം നോക്കാതെ അവർക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കും. പോലീസ് നിഷ്പക്ഷമായും സ്വതന്ത്രമായും പ്രവർത്തിക്കും. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉത്തരവാദിത്തപ്പെട്ടവരുടെ സഹകരണം ആവശ്യമാണ്. ഈ കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസിയെ നിശ്ചയിക്കുന്നതിൽ സർക്കാർ യതൊരു വൈമുഖ്യവും കാണിച്ചിട്ടില്ല. ഷുഹൈബിന്റെ കുടുംബാംഗങ്ങൾക്ക് പരാതി ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. കൊലപാതകവുമായി ബന്ധപ്പെട്ട് ഫലപ്രദമായ അന്വേഷണമാണ് സംസ്ഥാന പോലീസ് നടത്തിയിട്ടുള്ളത്. കസ്റ്റഡിയിലെടുത്ത പ്രതികൾക്ക് പുറമെ മറ്റാരെങ്കിലുമുണ്ടെങ്കിൽ അവരേയും നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള

നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും അക്രമസംഭവങ്ങളും കുറഞ്ഞിട്ടുണ്ടെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന അടിസ്ഥാന രഹിതമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23 രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നിട്ടുള്ളത്. ആദിവാസി യുവാവായ മധു കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സംഭവസ്ഥലം സന്ദർശിക്കാതിരുന്നത് ദു:ഖകരമാണ്. സംസ്ഥാനത്ത് കൊലപാതകങ്ങളും അക്രമസംഭവങ്ങളും വർദ്ധിക്കുകയും ക്രമസമാധാന നില തകരുകയുമാണ് ചെയ്യുന്നത്. ഷുഹൈബിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് നിരാഹാരസമരം നടത്തുന്ന പാർട്ടി പ്രവർത്തകരെ പുച്ഛിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിക്കുന്നു. ഷുഹൈബിനെ രാഷ്ട്രീയമായി കൊലപ്പെടുത്തേണ്ട സാഹചര്യവും മുഖ്യപ്രതിയായ ആകാശ് തില്ലങ്കേരി ഉൾപ്പെടെയുള്ളവരുമായി മുഖ്യമന്ത്രിക്കുള്ള ബന്ധവും വ്യക്തമാക്കണം. കൊലപാതകത്തിന് ഉത്തരവാദികളായവർക്കെതിരെ യു.എ.പി.എ സെക്ഷൻ 15 പ്രകാരം കേസ് എടുക്കണം. കൊലപാതകികളെ സംരക്ഷിക്കുന്ന നിലപാടാണ് സി.പി.ഐ.(എം) സ്വീകരിക്കുന്നത്. ചുവപ്പ്

ഭീകരതയും കാവി ഭീകരതയും സംസ്ഥാനത്തെ അപകടത്തിലേയ്ക്ക് നയിക്കുകയാണ്. സത്യസന്ധമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. പോലീസിനെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിക്കാതെ കൊലപാതകികളെ സംരക്ഷിക്കുന്ന സമീപനമാണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. ഷുഹൈബിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ആശങ്കയും ആശയക്കുഴപ്പവും നിലനിൽക്കുകയാണ്. സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് ഷുഹൈബിന്റെ കുടുംബം ആവശ്യപ്പെട്ടിരിക്കുകയാണ്. അതിന് സർക്കാർ തയ്യാറായില്ലെങ്കിൽ നിയമപരമായ മറ്റ് നടപടികളിലേയ്ക്ക് പോകേണ്ടിവരും.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും ആദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

## III. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ ജെയിംസ് മാത്യൂ, വി.പി. സജീന്ദ്രൻ, ഇ. കെ. വിജയൻ എന്നീ

അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV. ശ്രദ്ധക്ഷണിക്കൽ

കൈത്തറി സഹകരണസംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. റ്റി. വി. രാജേഷ്: കൈത്തറി സഹകരണസംഘങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും മാർക്കറ്റ് ഇൻസെന്റീവ് കുടിശ്ശിക അടിയന്തരമായി നൽകുന്നതിനും 30 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംഘങ്ങൾക്കുകൂടി പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് തടഞ്ഞുവച്ചിരിക്കുന്ന റിബേറ്റ് തുക പൂർണ്ണമായി നൽകുകയും നിബന്ധനകൾ കാലോചിതമായി പരിഷ്കരിക്കുകയും കടക്കെണിയിലായ സംഘങ്ങൾക്ക് പുനർവായ്പ നൽകുകയും കൈത്തറി സഹകരണ സംഘങ്ങൾക്കു് വാറ്റ് നികുതി കുടിശ്ശിക ഒഴിവാക്കുകയും ചെയ്യണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേന്ദ്ര വിഹിതം ലഭ്യമാകാത്തതിനാൽ കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് മാർക്കറ്റ് ഇൻസെന്റീവ് യഥാസമയം നൽകുന്നതിന് തടസ്സമുണ്ടായിട്ടുണ്ട്. കേന്ദ്ര നിർദ്ദേശപ്രകാരം പദ്ധതി നടത്തിപ്പിനുള്ള നിർവ്വഹണ ഏജൻസിയായി ഹാൻവീവിനെ നിശ്ചയിക്കുകയും അപേക്ഷകൾ കൈത്തറി

ഡയറക്ടറേറ്റ് മുഖേന പരിശോധിച്ച് ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 30 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള സംഘങ്ങൾക്ക് മാത്രമായി സഹായം പരിമിതപ്പെടുത്തിയത് പദ്ധതിയുടെ ആനുകൂല്യം സംഘങ്ങൾക്ക് നിഷേധിക്കുന്നതിനിടയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി സംഘങ്ങൾക്കും ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കുമായി റിബേറ്റ് ഇനത്തിൽ 14,95,67,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. റിബേറ്റ് അപേക്ഷകൾ പരിശോധിക്കുന്നതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തീർത്ത് നൽകുന്നതാണ്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി കുറഞ്ഞ പലിശനിരക്കിൽ കടക്കെണിയിലായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ജില്ലാ സഹകരണ ബാങ്കുകൾ കാണിച്ച അലംഭാവം സംഘങ്ങളെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിന് തടസ്സമായിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണ വകുപ്പുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ശ്രീ. വി. ടി. ബൽറാം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(യു.ഡി.എഫ്. അംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന്

മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സബ്മിഷനുകളുടെ മറുപടി മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI. റിപ്പോർട്ട് സമർപ്പണം

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

(ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച നടന്നില്ല.)

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം,

കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.16-ന് പിരിഞ്ഞു.